# കനിവ്

## കെ.ഐ.ജി സോഷ്യൽ റിലീഫ് സെൽ-കുവൈത്ത്












## കനിവിൻെറ കഴിഞ്ഞ കാല പ്രവർത്തനങ്ങളിലൂടെ...

*നമുക്ക് ചുറ്റും ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടുകളുടെയും കൊടിയ ദുരിതങ്ങൾ പേറി നാളുകൾ തള്ളി നീക്കുന്ന നൂറുകണക്കിനു പ്രവാസികൾ...*

മാരക രോഗങ്ങൾക്കടിപ്പെട്ട് ജോലിക്ക് പോകാൻ കഴിയാതെ വരുമാനം നിലച്ച്, പ്രതീക്ഷകളറ്റ് രോഗശയ്യയിലായവർ...

പ്രിയ മാതാപിതാക്കളുടെയോ ഭാര്യാസന്താനങ്ങളുടെയോ മാരക രോഗങ്ങൾ ചികിത്സിക്കാൻ ഭീമമായ ചെലവുകൾ വഹിക്കാൻ കഴിയാതെ, ഉറ്റവർ മരണത്തിലേക്ക് നടന്നടുക്കുന്നത് നിസ്സഹായരായി നോക്കി നിൽക്കേണ്ടി വരുന്നവർ...

കൊള്ളപ്പലിശക്കാരുടെ നീരാളിപ്പിടുത്തത്തിൽ ഞെരിഞ്ഞമർന്ന് ശ്വാസം വിടാൻ പോലും കഴിയാത്തവർ...

മനസ്സു നിറയെ സ്വപ്നങ്ങളും പേറി ഇവിടെയെത്തിയപ്പോൾ സ്പോൺസറുടെയോ ഏജന്റിന്റെയോ ചതിയിൽ പെട്ട് നിസ്സഹായരായിത്തീരുന്ന ഹതഭാഗ്യർ...
ജീവിതത്തിന്റെ രണ്ടറ്റം കൂട്ടി മുട്ടിക്കാൻ മറുനാട്ടിൽ വന്ന് അപകട മരണത്തിനു കീഴടങ്ങുന്നവർ...

ഉറ്റവർക്കായി ഒന്നും ബാക്കി വെക്കാനില്ലാതെ ജീവിതത്തോട് വിട പറയുന്നവർ...

## *നമുക്ക് ചുറ്റും ഇങ്ങനെ എത്രയെത്ര കാഴ്ചകൾ!!!!*

വരൂ സുഹൃത്തെ,

*സാന്ത്വനത്തിന്റെ തൂവൽ സ്പർശമായി അശരണരെ തലോടാൻ, ആലംബഹീനർക്ക് കനിവ് ചൊരിയാൻ*



*ദൈവാനുഗ്രഹത്താൽ കഴിഞ്ഞ ഒരു പതിറ്റാണ്ട് കാലത്തെ പ്രവർത്തനങ്ങളിലൂടെ നിരവധി ആലംബഹീനർക്ക് സഹായമേകാൻ കനിവിന് സാധിച്ചിട്ടുണ്ട്.*

*കനിവിന്റെ പ്രവർത്തകരോ സഹകാരികളോ മുഖേന ലഭിക്കുന്ന അപേക്ഷകളിൽ ആവശ്യമായ അന്വേഷണങ്ങൾക്കും പഠനങ്ങൾക്കും ശേഷം അർഹമായത് പരിഗണിക്കുകയും സാധ്യമായ സഹായങ്ങൾ നൽകി വരികയും ചെയ്യുന്ന ഈ മഹദ് സംരംഭത്തിൽ സഹകരിക്കുവാൻ താങ്കളോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.*

## മാസാന്ത സഹായങ്ങൾ 2020-21

ആകെ **27,498** ദീനാർ

| ഇനം | ദീനാർ | |
|---|---|---|
| ചികിത്സ | 16,937 | 214 പേർക്ക് |
| കട ബാധിതർ/മറ്റു സാമ്പത്തിക പ്രയാസങ്ങൾ | 7,193 | 108 പേർക്ക് |
| വിമാന ടിക്കറ്റ് | 1,830 | 28 പേർക്ക് |
| വിസജഖാമ പ്രശ്നങ്ങൾ | 808 | 14 പേർക്ക് |
| മറ്റു സഹായങ്ങൾ | 730 | 10 പേർക്ക് |

**ആവശ്യക്കാരുടെ കരളലിയിക്കുന്ന**
**അപേക്ഷകൾ നിരന്തരം വന്നു**
**കൊണ്ടിരിക്കുന്നതിനാൽ**
**സംഭാവനകൾ നൽകിയും മാസാന്ത വരി**
**ചേർന്നും സാധ്യമായ മറ്റെല്ലാ വിധത്തിലും**
**ഈ സൽകർമ്മത്തിൽ പങ്കുചേരുക.**



## CONTACT US

| | |
|---|---|
| Farwaniya | : 5555 3796 |
| Abbasiya | : 9919 2511 |
| Riggae | : 9782 3615 |
| City | : 9447 3617 |
| Salmiya | : 5016 7975 |
| Abuhalifa | : 5098 5230 |
| Fahaheel | : 6606 6346 |

കിനാവുമായി കടൽ
കടന്നവരുടെ കനവിൽ കനൽ
വീഴുമ്പോൾ കനിവിന്റെ
നനവായ് കരം ചേർത്ത് പടരാം

കനിവ്
കെ.ഐ.ജി സോഷ്യൽ റിലീഫ് സെൽ-കുവൈത്ത്